**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1932 — 06-02-2019 -ൽ മറുപടി നൽകേണ്ടിയിരുന്നത്

# പ്രളയ ദുരിതാശ്വാസ പാക്കേജ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ഐ.സി.ബാലകൃഷ്ണൻ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | വയനാട് ജില്ല കൃഷി, വ്യവസായം, ടൂറിസം എന്നീ മേഖലകളിൽ നേടിയ നേട്ടങ്ങളെല്ലാം പ്രളയം തകർത്തെറിഞ്ഞുവെന്ന വസ്തുതയെപ്പറ്റി വ്യക്തമാക്കാമോ; | എ) & ബി) | വയനാട് ജില്ലയിൽ പ്രളയം മൂലം കൃഷി വകുപ്പിന് 500.6 കോടി രൂപയും, വ്യവസായ വകുപ്പിന് 3.77 കോടി രൂപയുടേയും, ടൂറിസം ഉൾപ്പെടെയുള്ള തൊഴിൽ മേഖലയ്ക്ക് 683 കോടി രൂപയുടേയും നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ട്. |
| ബി) | വയനാടിന് പ്രളയം മൂലം വിവിധ മേഖലകളിൽ നേരിട്ടുന്ന നഷ്ടം സംബന്ധിച്ച കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകാമോ; | | |
| സി) | വയനാട്ടിലെ പരിസ്ഥിതി പ്രാധാന്യമുള്ള മേഖലകളും ജൈവവൈവിധ്യവും പ്രളയത്തിൽ നഷ്ടപ്പെട്ടത് മൂലവും ജീവനോപാധികൾ നഷ്ടപ്പെട്ടത് മൂലവും കാർഷിക കുടുംബങ്ങൾ പട്ടിണിയുടെ വക്കിലാണെന്നത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | സി) | കാർഷിക മേഖലയിൽ സംഭവിച്ചിട്ടുള്ള നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തി കൃഷി വകുപ്പ് മുഖേന ദുരിത ബാധിതരായിട്ടുള്ള കർഷകർക്ക് നഷ്ടപരിഹാരത്തുക വിതരണം ചെയ്തിട്ടുണ്ട്. |
| ഡി) | വയനാടിന് പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന നിയമസഭ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | ഡി) | കാർഷിക മേഖലയ്ക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിലേയ്ക്കായി പ്രത്യേക പാക്കേജ് പരിഗണിയ്ക്കുന്ന വിഷയം കൂടുതൽ പരിശോധനയ്ക്ക് ശേഷം മാത്രമേ തീരുമാനിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ